| Edition | Trivandrum |
|---|---|
| Date | 15th September, 2022 |
| Page No. | 05 |

സുപ്രഭാതം

# സംരംഭകത്വം: സംസ്ഥാന സർക്കാരും ഇ.ഡി.ഐ.ഐയും കൈകോർക്കുന്നു

തിരുവനന്തപുരം • സംസ്ഥാനത്ത് സംരംഭങ്ങളേയും സംരംഭകരേയും പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാരുമായി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (ഇ.ഡി.ഐ.ഐ) കൈകോർക്കുന്നു. കുടുംബശ്രീ, സ്റ്റാർട്ടപ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവയ്ക്കൊപ്പം പ്രവർത്തിച്ചുവന്നിരുന്ന ഇ.ഡി.ഐ.ഐ ഇനി വ്യവസായ വകുപ്പുമായും കെ ഡിസ്കുമായും വിവിധ കോർപറേറ്റുകളുമായും ചേർന്ന് സംസ്ഥാനത്തെ സംരംഭകത്വ വളർച്ചയ്ക്കായി പ്രവർത്തിക്കുമെന്ന് ഡയരക്ടർ ജനറൽ ഡോ. സുനിൽ ശുക്ല വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വ്യവസായ വകുപ്പിനു കീഴിൽ ഫീൽഡ്തല ഓഫിസർമാർക്ക് പരിശീലനം നൽകിവരുന്നത് ഇ.ഡി.ഐ.ഐ ആണ്. ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സുഗമമാക്കുന്നതിന് 60 റിസോഴ്സ് പേഴ്സൺമാരുടെ കേഡറിനും പരിശീലനം നൽകും.

എല്ലാ ജില്ലകളിലും നിലവിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ തിരിച്ചറിഞ്ഞ് കൈപിടിച്ചുനടത്തുന്നതിനായി കെ ഡിസ്ക് നടപ്പാക്കുന്ന 'ഒരു ജില്ല ഒരു ആശയം' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്ത ക്ലസ്റ്ററുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഇ.ഡി.ഐ.ഐ പങ്കുചേരും.

650 ബിസിനസുകൾ സൃഷ്ടിക്കുന്നതിനായി മൈക്രോസ്കിൽ പ്രണർഷിപ്പ് പ്രോഗ്രാമുകൾ നടത്താൻ പ്രമുഖ സ്ഥാപനങ്ങളുമായും ഇൻസ്റ്റിറ്റ്യൂട്ട് കൈകോർക്കുന്നുണ്ട്.

Thiruvananthapuram Edition
Sep 15, 2022 Page No. 5
Powered by : eReleGo.com